തത്തുല്യമായി, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത കോഴ്സുകളാണ് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറി സബ്ജക്ടായ മറ്റ് കോഴ്സുകളുടെ സിലബസ് പരിശോധിച്ച് ആയത് ഡി.സി.എ.ക്ക് തുല്യമായി പരിഗണിക്കാവുന്നതാണെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന മുറയ്ക്ക് മാത്രമേ ആയവ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഐ.ആർ.എസ്. ഉദ്യോഗസ്ഥരുടെ വിദേശ യാത്ര

48 (48) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിദേശയാത്രയ്ക്കായി ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഐ.ആർ.എസ്. ഉദ്യോഗസ്ഥർ സംസ്ഥാന ഖജനാവിൽനിന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചു ; ഈയിനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ച ഉദ്യോഗസ്ഥൻ ആരെന്നും എത്ര തുകയാണ് പ്രസ്തുത ഉദ്യോഗസ്ഥൻ ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇവർ എന്ത് തുക റ്റി.എ./ഡി.എ. ഇനത്തിൽ നാളിതുവരെ വാങ്ങിയെന്ന് വ്യക്തമാക്കുമോ ;

(സി) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 140 അടിയ്ക്കുമേൽ ഉയർന്ന സമയത്തും ജില്ലയിലെ മുഖ്യ അധികാരിയായ ഉദ്യോഗസ്ഥൻ സ്ഥലത്തില്ലാതിരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ഡി) എങ്കിൽ പ്രസ്തുത ജില്ലാധികാരി എവിടെ ആയിരുന്നുവെന്നും പ്രസ്തുത യാത്രയ്ക്ക് സർക്കാർ അനുമതി ഉണ്ടായിരുന്നോ എന്നും ടിയാൻ പ്രസ്തുത യാത്രയ്ക്ക് വാങ്ങിയ ആനുകൂല്യങ്ങൾ എത്ര തുകയെന്നും വ്യക്തമാക്കുമോ ;

(ഇ) ഇതുമായി ബന്ധപ്പെട്ട് നാല് ജില്ലകളിലെ ജനങ്ങൾക്ക് ജീവനുപോലും ഭീഷണി നേരിടുന്ന സമയത്ത് സംസ്ഥാനത്ത് ഇല്ലാതിരുന്ന ജില്ലാധികാരിയുടെ പേരിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഖജനാവിൽ നിന്ന് തുക ചെലവഴിച്ച് ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ആരും വിദേശയാത്ര നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വിദേശയാത്ര സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ഈ സർക്കാർ അധികാരമേറ്റശേഷം 23 ഐ.പി.എസ്. ഉദ്യോഗസ്ഥർ ഔദ്യോഗിക വിദേശയാത്രകൾ നടത്തിയിട്ടുള്ളതിൽ ശ്രീ. ജേക്കബ് പുന്നൂസ്, ഐ.പി.എസ്. 1,26,784 രൂപയും ശ്രീ. കെ. എസ്. ബാലസുബ്രഹ്മണ്യൻ ഐ.പി.എസ്., 85,000 രൂപയും ശ്രീ. രാജേഷ് ദിവാൻ, ഐ.പി.എസ്. 17,000 രൂപയും സംസ്ഥാന ഖജനാവിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ വിദേശയാത്രയ്ക്ക് സർക്കാർ ഖജനാവിൽനിന്നും യാതൊന്നും ചെലവഴിച്ചിട്ടില്ല (ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു)*.

(സി) ഇടുക്കി ജില്ലാ കളക്ടറായ ശ്രീ. അജിത് പാട്ടീൽ ഐ.എ.എസ്. ഇടുക്കി ജില്ല ആസ്ഥാനമാക്കി യു.എൻ.ഡി.പി. നടപ്പിലാക്കുന്ന ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ്പ് പ്രോജക്ടുമായി ബന്ധപ്പെട്ട് സിഡ്നിയിൽ നടന്ന വേൾഡ് പാർക്ക് കോൺഗ്രസ്സിൽ സർക്കാർ നിർദ്ദേശിച്ചത് അനുസരിച്ച് പങ്കെടുത്തിരുന്നു.

(ഡി&ഇ) സ.ഉ.(സാധാ)/8512/2014/പൊ.ഭ.വ. തീയതി 5-11-2014 പ്രകാരം പ്രസ്തുത യാത്രയ്ക്ക് സർക്കാർ അനുമതി നൽകിയിരുന്നു. അഖിലേന്ത്യാ സർവീസ് ചട്ടം അനുശാസിക്കുന്ന എഫ്.സി.ആർ.എ. ക്ലിയറൻസും പ്രസ്തുത യാത്രയ്ക്ക് ലഭിച്ചിട്ടുണ്ട്. ടിയാൻ പ്രസ്തുത യാത്രയ്ക്ക് സർക്കാരിൽനിന്നും ആനുകൂല്യങ്ങൾ ഒന്നും വാങ്ങിയിട്ടില്ല. യാത്രയുടെ ചെലവ് വഹിച്ചത് യു.എൻ.ഡി.പി.യാണ്.

കേന്ദ്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ

49 (49) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഐ. എ. എസ്. ,ഐ. എഫ്. എസ്., ഐ. പി. എസ്., ഐ. ആർ. എസ്. ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട് ; കേരളത്തിന് പ്രസ്തുത തസ്തികയിൽഎത്ര അനുവദനീയ തസ്തികളാണ് ഉള്ളതെന്നും എത്ര പേരുടെ കുറവുണ്ട് എന്നും വ്യക്തമാക്കുമോ ;

(ബി) ഇവരിൽ എത്ര പേർ കേന്ദ്ര ഡപ്യൂട്ടേഷൻ, സംസ്ഥാനത്ത് വിവിധ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഐ.എ.എസ്., ഐ.എഫ്.എസ്., ഐ.പി.എസ്., ഐ.ആർ.എസ്. തസ്തികകളിൽ നിന്നും റിട്ടയർ ചെയ്തവരിൽ എത്ര പേർ ഏതെല്ലാം തസ്തികകളിൽ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly